

# SAECULARIA



# എഡിറ്റോറിയൽ ബോർഡ്

ശ്രീ ജോജി അബ്രാഹം ( പ്രഥമാധ്യാപകൻ)

ശ്രീ ജിജി ജേക്കബ് (കൈറ്റ് മാസ്ററർ)

ശ്രീമതി സിൽജ മാത്യൂസ് (കൈറ്റ് മിസ്ട്രസ്)

അർഷിത അന്ന സജി (എഡിറ്റർ)

അനന്യ അന്ന സെബാസ്റ്റ്യൻ (സബ് എഡിറ്റർ)

ചെറിയാൻ ബിജു (സബ് എഡിറ്റർ)

# സന്ദേശം



**ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൻ തയ്യാറാക്കിയ *Saecularia* എന്ന മാഗസിനും അവരുടെ പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു.ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾവഴിയായി സ്കൂളിലെ ഹൈടെക് ക്ലാസ് റൂം പ്രവർത്തനങ്ങൾ കൂടുതൽ സജീവമായിതീരട്ടെ. കൂടുതൽ മികച്ച വിദ്യാഭ്യാസം ലിറ്റിൽകൈറ്റ്സ് വഴി കുട്ടികൾക്ക് ലഭിക്കട്ടെ**

**ജോജി അബ്രാഹം ( പ്രഥമാധ്യാപകൻ)**

# Table of Contents

SAECULARIA....1
സന്ദേശം....3
ചരിത്രം....5
 കോതനല്ലൂർ ഇമ്മാനുവൽസ് എച്ച് എസ് എസ് ശതാബ്ദി നിറവിൽ....7
കഥ - അന്നൊരു മഴയത്ത്....10
കവിത....13
ഡാർവിന്റെ കപ്പൽയാത്ര....14
കവിത....16
കഥ....17
ഭാരതാംബയ്ക്കായി....17
പപ്പായ....22
 ജലവൈദ്യുതി....24
കവിത....26
പഴഞ്ചൊല്ലുകൾ....28
ഡെങ്കിപ്പനി....29
എൻറെ വിദ്യാലയം....31
മടിക്കുള്ള ശിക്ഷ....33

## ചരിത്രം

കേരളത്തിന്റെ ചരിത്രത്താളുകളിലുംമലയാളത്തിലെപ്രസിദ്ധങ്ങളായപ്രാചീനകൃതികളിലുംശ്രദ്ധേയമായസ്ഥാനംപിടിച്ചകോതനല്ലൂർഗ്രാമത്തിൽക്രാന്തദർശിയുംസർവ്വാദരണീയനുമായഫാ.മാണി മുണ്ടാട്ടുച്ചുണ്ടയുടെനേതൃത്വത്തിൽ **1919** ജൂണിൽ **27** കുട്ടികളെ ചേർത്തുകൊണ്ട് എമ്മാനുവൽസ് വെർണാകുലർ സ്കൂൾ മുടപ്പ എന്ന പേരിൽ സ്കൂൾ ആരംഭിച്ചു. ഏ ആർ നാരായണപിള്ളയായിരുന്നു പ്രഥമാധ്യാപകൻ.താല്ക്കാലിക കെട്ടിടത്തിൽ ആരംഭിച്ച സ്കൂളിന് പട്ടർമഠത്തിൽ വർഗീസ് കത്തനാരാണ് **1921** ൽ സ്വന്തമായി കെട്ടിടം പണിതത്.**1924** ൽ നാലാം ക്ലാസ് ആരംഭിച്ചു.ഫാ അബ്രാഹം തെങ്ങും തോട്ടം സ്കൂൾ മാനേജരായിരിക്കെ **1938** ൽ സ്കൂളിന്റെ ഒരു ഭാഗം ഇപ്പോൾ കാണുന്ന ഹൈസ്കൂൾ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു.**1976** ൽ എട്ടാം ക്ലാസോടുകൂടി ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചു.**1962** മുതൽ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ പി എം തോമസ് ആണ് ഹൈസ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ .**2000** ഓഗസ്റ്റിൽ ഇമ്മാനുവൽസ് ഹൈസ്കൂൾ ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ടു.സ്കൂൾ മാനേജർ ഫാ ജോസ്

വള്ളോംപുരയിടത്തിന്റെ നേതൃത്വത്തിൽ എല്ലാസൗകര്യങ്ങളോടും കൂടിയ ഹയർ സെക്കന്ററി സ്കൂൾ മന്ദിരം **2002** ൽ പൂർത്തിയായി. ശ്രീ വി കെ ജോസഫ് ആയിരുന്നു ഹയർസെക്കന്ററി സ്കൂളിന്റെ ആദ്യത്തെ പ്രിൻസിപ്പൽ. **2003** മുതൽ പ്രീ പ്രൈമറി വിഭാഗവും പ്രവർത്തനം ആരംഭിച്ചു.

ഇമ്മാനുവെൽസ് എച്ച് എസ്സ് എസ്സ് **2009** ൽ നവതി ആഘോഷിച്ചു.അതിന്റെ സ്മാരകമായ് മൂന്നു നിലകളുള്ള ഒരു മൾട്ടിമീഡിയ കോംപ്ലക്സ് നിർമ്മിച്ചു.

# കോതനല്ലൂർ ഇമ്മാനുവൽസ് എച്ച് എസ് എസ് ശതാബ്ദി നിറവിൽ

കോതനല്ലൂർ: കോതനല്ലൂരിന്റെയും സമീപപ്രദേശങ്ങളുടെയും വികസനത്തിൽ നിർണായക പങ്കുവഹിച്ച ഇമ്മാനുവൽസ് ഹയർ സെക്കൻഡറി സ്കൂൾ അതിന്റെ പ്രവർത്തനമികവിന്റെ നൂറ് വർഷം പൂർത്തിയാക്കുന്നു.

ഇരുപതാം നൂറ്റാണ്ടിലെ ആദ്യദശകത്തിൽ പള്ളിമേടയുടെ താഴത്തെ നിലയിലെ ഒരു മുറിയിൽ കുറെ കുട്ടികളെ വിളിച്ചിരുത്തി അക്ഷര പരിശീലനം നടത്തിയിരുന്നു. 1919 അത് വളർന്ന് ഇമ്മാനുവൽസ് എലിമന്ററി സ്കൂളായി മാറി. 1938 –ൽ ഈ സ്കൂൾ മിഡിൽ സ്കൂളായി ഉയർത്തി .തുടർന്ന് 1947 ൽ സ്കൂളിലെ ഒരു ഭാഗം ഇപ്പോൾ കാണുന്ന ഹൈസ്കൂൾ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു. 1976 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു .സ്കൂളിലെ പത്താംക്ലാസ് പ്രഥമ ബാച്ച് 1979 മാർച്ച് മാസത്തിലാണ് പരീക്ഷയെഴുതിയത് .രണ്ടായിരത്തിൽ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു. എസ്എസ്എൽസി ,പ്ലസ്ടു പരീക്ഷകളിൽ മികച്ച വിജയമാണ് സ്കൂൾ

കൈവരിച്ചുകൊണ്ടിരിക്കുന്നത്.1995-ൽ പ്ലാറ്റിനം ജൂബിലിയും 2009-ൽ നവതിയും ആഘോഷിച്ച ഈ സ്കൂൾ നവതി സ്മാരകമായി 3 നിലകളുള്ള ഒരു മൾട്ടിമീഡിയ കോംപ്ലക്സ് നിർമിക്കുകയുണ്ടായി. 2014-ൽ ബഹു. ജോർജ് വർഗീസ് ഞാറക്കുന്നേലച്ചൻ മാനേജരായി സ്ഥാനമേറ്റശേഷം സ്കൂളിന്റെ നവീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ശതാബ്ദി സ്മാരകമായി LP സ്കൂളിന് പുതിയ കെട്ടിടം നിർമിച്ചു .യു പി സ്കൂളും ഹൈസ്കൂളും നവീകരിച്ചു.സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി 2018 നവംബർ 22 ന് അഖില കേരള സ്കൂൾ ക്വിസ് മത്സരവും 2018 നവംബർ 27 ന് ദിശ എന്നപേരിൽ വിദ്യാഭ്യാസ സെമിനാറും സംഘടിപ്പിച്ചു. 2018 ഡിസംബർ നാലിന് പൂർവ്വ അധ്യാപക സമ്മേളനവും 2019 ജനുവരി 4-ന് പൂർവവിദ്യാർത്ഥി സമ്മേളനവും നടത്തുകയുണ്ടായി.

സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപനം ഈമാസം 23 ന് കേരള വിദ്യാഭ്യാസ മന്ത്രി പ്രൊഫ സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൻ ഏജൻസി സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ സ്കൂൾ മാനേജർ ഫാ.ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖ പ്രസംഗവും ശ്രീ മോൻസ് ജോസഫ് എംഎൽ എ മുഖ്യപ്രഭാഷണവും നടത്തി.



# കഥ - അന്നൊരു മഴയത്ത്



കോരിച്ചൊരിയുന്ന മഴ അവൾ പതിയെ

ജനാലയിലേക്ക് വന്നു. മേൽക്കൂരയിൽനിന്ന്
തെറിച്ചുവീണ വെള്ളത്തുള്ളി അവളുടെ കൈകളിൽ

ചിതറിവീണു. അത് തനിക്കുള്ള ഒരു സാന്ത്വനമാണ്

എന്ന് അവൾ പെട്ടെന്ന് ആലോചിച്ചു. എങ്കിലും
മനസ്സിനെ പിടിച്ചുലച്ച സങ്കടം അവളുടെ ചിന്തകൾ

ഓരോന്നിനെയും വിഴുങ്ങിക്കൊണ്ടിരുന്നു. ജീവിതം

ഒരു ഭാരമായി അവൾക്ക് തോന്നി. ചെറിയ
പ്രായത്തിൽതന്നെ മാതാപിതാക്കളിൽനിന്നും

ഒറ്റപ്പെട്ടു.അമ്മയുടെ മരണത്തിന്റെ തകർച്ചയിൽ
നിന്ന് കരകയറും മുമ്പേ അച്ഛൻ അവളെ ഒരു

ബോർഡിങ്ങിൽ ആക്കി. അമ്മയിൽനിന്ന് സ്നേഹം ലഭിച്ചു തീർന്നില്ല. അതിനുമുമ്പേ അമ്മ ജീവിതത്തിൻറെ ചവിട്ടുപടിയിൽ നിന്ന് മരണത്തിലേക്ക് കാൽ വഴുതി വീണു.ആ വീഴ്ചയിൽ ദുഃഖത്തിൽ  എറിയപ്പെട്ടത് കാവ്യയാണ്. വിദേശത്തുള്ള അച്ഛനെക്കാൾ അവളെ സ്വാധീനിച്ചത് സ്നേഹസമ്പന്നയായ അമ്മയായിരുന്നു. ജോലി ആവശ്യത്തിനായി വിദേശത്തേക്ക് അച്ഛനും പോകണം. കാവ്യയെ കൂടി കൊണ്ടു പോകാമെന്ന് വെച്ചാൽ നിയമനടപടികളെല്ലാം ശരിയാക്കുവാൻ കുറേ സമയമെടുക്കും.


ഇവയെല്ലാം ഓർക്കുമ്പോൾ അവളെ ബോർഡിങ്ങിൽ ആക്കുന്നതാണ് നല്ലത് എന്ന് അച്ഛന് തോന്നി. വീട്ടുകാരുടെ തണലിൽ അവരുടെ തലോടലും സ്നേഹവും അനുഭവിച്ചു വളർന്നുവന്ന കാവ്യക്ക് ഒട്ടുംതന്നെ അഭികാമ്യം ആയിരുന്നില്ല ഇത്. അച്ഛൻറെ തീരുമാനത്തിന് അവൾ എതിരു നിന്നില്ല.  അങ്ങനെ ചെയ്താൽ അച്ഛന് വിഷമമാകും. അച്ഛൻ ഒരിക്കലും അവളുടെ താൽപര്യത്തിന് എതിര് നിന്നിട്ടില്ല. അതുകൊണ്ട് അവൾ അച്ഛന്റെ താൽപര്യപ്രകാരം ബോർഡിങ്ങിൽ ചേർന്നു.

തന്റെ ഈ തീരുമാനം മകളെ സന്തോഷിപ്പിക്കുക ഇല്ലെന്ന് അച്ഛൻ അറിയാമായിരുന്നു. എങ്കിലും സാഹചര്യങ്ങൾ അയാളെ അത് ചെയ്യാൻ പ്രേരിപ്പിച്ചു. മകളെ നാട്ടിൽ ഉപേക്ഷിച്ചു പോവാൻ അയാളുടെ ഹൃദയം പുറകോട്ട് വലിച്ചെങ്കിലും ജീവിതത്തിലെ ഓരോ പ്രതിഭാസങ്ങൾ എന്ന രീതിയിൽ അയാൾ അതിനു തയ്യാറായി. മകളെ യാത്രയാക്കുമ്പോൾ അവരുടെ ഉള്ളിൽ നിന്നും വളരെയധികം തേങ്ങലുകൾ. രണ്ടു പേരുടെയും കണ്ണുകൾ നിറഞ്ഞിരുന്നു. എങ്കിലും പരസ്പരം ആശ്വസിപ്പിച്ച് ബോർഡിങ്ങിൽ എത്തി. അയാൾതന്നെ പൊന്നുമകളെ  അവരുടെ കൈകളിൽ ഏല്പിച്ചു. വിരഹവേദന അവരുടെ ഹൃദയത്തിൽ തുളച്ചു കയറി ശരീരത്തിൽ പ്രതിഫലിച്ചിരുന്നു.  അവസാന നിമിഷത്തിൽ തന്നെ മകളെ സ്നേഹത്തോടെ ചുംബനം നൽകി യാത്രയായി.എന്നാൽ അത് തന്റെ അച്ഛന്റെ അവസാന യാത്രയാകുമെന്ന് അവൾ അപ്പോൾ ഓർത്തിരുന്നില്ല

# കവിത

ആ സഫലമാം സായാഹ്നത്തിൽ
അന്നാ മഴയത്ത് മഴനീർത്തുള്ളികൾ തൻനീർമുത്തുകൾ
ഞാൻ സന്തോഷത്താൽ കുളിക്കുകയാണ് മഴയിൽ
ഞാൻനനഞ്ഞു കുളിച്ചു
എനിക്കിഷ്ടം മഴയാണ്
എത്രയോ സുന്ദരമാം മഴ
മാനം കരയുന്ന നിമിഷങ്ങൾ
നാം സന്തോഷിക്കുന്നു
നാം ആനന്ദിക്കുന്ന നിമിഷങ്ങൾ
നമ്മുടെ ദുഃഖങ്ങൾ പെയ്യിച്ചു
കളയുന്നവയാണ് മഴ
സുന്ദരമാം പേമാരി
സന്തോഷത്തിൻ നിമിഷം
എങ്ങനെ ഞാൻ അന്നൊരു
മഴയിൽ നനഞ്ഞു കുളിച്ചു

# ഡാർവിന്റെ കപ്പൽയാത്ര



ഗാലപ്പഗോസ് എന്ന ദ്വീപ  സമൂഹത്തിലെ ജീവികളെ കേന്ദ്രീകരിച്ച് നടത്തിയ പഠനത്തിൽ നിന്നാണ്  പരിണാമത്തെക്കുറിച്ചുള്ള സിദ്ധാന്തം ആവിഷ്കരിച്ചത്. എച്ച് എം എസ് ബീഗിൾ എന്ന കപ്പലിൽ ഗാലപ്പഗോസ് ദ്വീപുകളിലേക്ക് നടത്തിയ യാത്രയാണ് ഡാർവിന്റെ ജീവിതത്തിലും പരിണാമസിദ്ധാന്ത ചരിത്രത്തിലും വഴിത്തിരിവുണ്ടാക്കിയത്. തീരപ്രദേശങ്ങളുടെ ഭൂപട നിർമ്മാണത്തിനായി ബ്രിട്ടീഷ് സർക്കാർ നിയോഗിച്ച യാത്രാ സംഘത്തോടൊപ്പം

ചേരുമ്പോൾ ഡാർവിന് 22 വയസ്സായിരുന്നു പ്രായം. ഏഴുവർഷത്തിന് ശേഷം ബ്രിട്ടനിലേക്ക് തിരിച്ചെത്തുമ്പോഴേക്കും പരിണാമസിദ്ധാന്തത്തിന് ഉപോൽബലകമായ പല തെളിവുകളും അദ്ദേഹം ശേഖരിച്ചിരുന്നു. നിരവധി തുടർ അന്വേഷണങ്ങൾക്കും നിരീക്ഷണങ്ങൾക്കും പഠനങ്ങൾക്കും ശേഷം തൻറെ 50 -ാം വയസ്സിൽ ആണ് പ്രകൃതിനിർധാരണം വഴിയുള്ള ജീവിവർഗ്ഗം ഉല്പത്തി എന്ന വിഖ്യാത ഗ്രന്ഥത്തിലൂടെ പ്രകൃതി നിർദ്ധാരണ സിദ്ധാന്തം ലോകത്തിനുമുമ്പിൽ അദ്ദേഹം അവതരിപ്പിച്ചത്. നിലനിന്നിരുന്ന സങ്കല്പങ്ങളെ മാറ്റിമറിച്ച ഈ സിദ്ധാന്തം സമൂഹത്തിൽ ചർച്ചകൾക്കും വിവാദങ്ങൾക്കും കാരണമായെങ്കിലും ശാസ്ത്രലോകത്ത് വൻ സ്വീകാര്യത നേടി.

# കവിത

അപരിചിതങ്ങളായ വഴിയിലൂടെയാണ്
അറിയാം എനിക്ക്
വേനൽ ചൂടിനെ എങ്കിലും
മഴനിഴൽ ഉണ്ടായിരിക്കും
എൻറെ യാത്ര
എനിക്കൊപ്പം താണ്ടുന്ന പാതയുടെ നീളം
അറിയാതെയാണ് യാത്ര
ഋതുക്കൾ മായ്ക്കാത്ത നിൻറെ കാൽപ്പാടുകൾ
പിന്തുടർന്ന് കൊണ്ട്
കാലമേ നിന്നെ പിൻതുടരുന്നു
വെയിൽ മരങ്ങൾക്കിടയിൽ

വാടിയ നിഴലുകൾ തളർന്നു വീഴുന്നു
എന്നാലും ഒരു പിടച്ചിലിൽ ഞാൻ ആശിക്കുന്നു
ഒരു സഞ്ചാരം കോടി

അവസാനമില്ലാത്ത പാതയിൽ
നിൻ മുന്നിൽ ഞാൻ സഞ്ചരിക്കുന്നു
കാണുവാനായി കേൾക്കുവാനായി
ഈ ലോക സൗന്ദര്യം ആസ്വദിക്കാൻ

# കഥ



## ഭാരതാംബയ്ക്കായി.............

കോരിച്ചൊരിയുന്ന മഴയുടെ ഭീകരമായ

ശബ്ദംചെവിയിൽ തുളഞ്ഞുകയറുന്നു .ട്രെയിനിന്റെ

ചൂക്കിവിളി. ആളുകളുടെ കൂടെ ട്രെയിൻ

കാത്തുനിൽക്കുന്ന റ്റിനോ ഒരു നേവി

ഉദ്യോഗസ്ഥനാണ്. അവധിക്കു വന്നിട്ട് തിരിച്ചു

പോവുകയാണ്. രാജ്യത്തോടുള്ള തൻറെ കടമ

നിറവേറ്റാൻ.ടിക്കറ്റ് കൗണ്ടറിൽ നിന്ന്ജലവൈദ്യുതി

ടിക്കറ്റ് വാങ്ങി അവൻ ട്രെയിനിൽ പ്രവേശിച്ചു.

ട്രെയിൻ കൂവി വിളിച്ചുകൊണ്ട്  പാഞ്ഞു. അവൻ ബുക്ക് ചെയ്ത സീറ്റിലിരുന്ന ബാഗിൽ നിന്ന് തന്റെ ഡയറി എടുത്തു. തൻറെ ജീവിതത്തിലെ വിഷമങ്ങളും സന്തോഷങ്ങളും എല്ലാം അവൻ അതിൽ കുറിക്കുമായിരുന്നു. അതൊരു ശീലമായിരുന്നു. അവന്റെ ചിന്തയിൽ മുഴുവനും കുട്ടിക്കാലത്ത് തനിക്കുണ്ടായിരുന്ന മോഹങ്ങളും,കൂട്ടുകാരുടെ കൂടെ കളിച്ചും രസിച്ചും  വളർന്ന കുറെ അധികം ഓർമ്മകളുമായിരുന്നു.

പത്താം ക്ലാസ് അവൻ നല്ല നിലയിൽ വിജയിച്ചു. തുടർന്ന്  സയൻസ് പ്ലസ്സ് പഠനം.ചെറുപ്പകാലംമുതലേ അവന്റെ ആഗ്രഹം ഒരു പട്ടാളക്കാരൻ ആകണം എന്നായിരുന്നു. സിനിമയിലെ പട്ടാള വേഷങ്ങളും മറ്റും അവരെ ത്രസിപ്പിച്ചു. കൂടാതെ അവന്റെ അമ്മാവൻ ഒരു പട്ടാളക്കാരനാണ്. അന്ന് അവൻ പത്താം ക്ലാസിൽ പഠിച്ച ബഷീറിന്റെ അമ്മ എന്ന പാഠഭാഗം ഒരുപാട് സന്തോഷിപ്പിച്ചു. ബഷീറിന് അമ്മയെപ്പോലെ തന്നെ ഭാരതം ആകുന്ന അമ്മയോടും വളരെ സ്നേഹമായിരുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യമായിരുന്നു ബഷീറിനെ ലക്ഷ്യം. ഇതെല്ലാം നിറഞ്ഞ അവന്റെ മനസ്സിലും

രാജ്യത്തിൻറെ പോരാളി എന്ന ചിന്ത വന്നു.
അവൻ തന്റെ കുടുംബാംഗങ്ങളെ പോലെ രാജ്യത്തെ സ്നേഹിച്ചു. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് അവന്റെ ആ വലിയ ആഗ്രഹം. പഠനം പൂർത്തിയായി എൻഡിഎ പരീക്ഷ എഴുതി നാലുകൊല്ലം പഠിച്ച് അവനൊരു നേവി ഉദ്യോഗസ്ഥനായി. അവന്റെ ഏറ്റവും വലിയ ആഗ്രഹവുംഅവന്റെ കുടുംബാംഗങ്ങളുടെആഗ്രഹവും അതുതന്നെയായിരുന്നു പീഡനം നിറഞ്ഞതായിരുന്നു അവരുടെ ജീവിതം

സമുദ്രങ്ങളിലെ സമാധാനം  രാജ്യത്തിന് നൽകുന്നത് നേവി ഉദ്യോഗസ്ഥരാണ്. രാവുംപകലും അവർക്ക് ഒരുപോലെയായിരുന്നു. ഇതിനെല്ലാമിടയിൽ അവൻ അവൻറെ കുടുംബാംഗങ്ങളെ ഓർക്കുമായിരുന്നു. അവൻറെ അച്ഛൻ ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു. അമ്മ ഗൃഹനായിക. രണ്ട് സഹോദരങ്ങൾ ഇവരെയെല്ലാം അവന് പിരിയേണ്ടിവന്നു.അവന്റെ അമ്മയോട് അവന് വളരെ സ്നേഹമായിരുന്നു. അവൻ ആദ്യമായാണ് കുടുംബത്തെ പിരിഞ്ഞിരിയ്ക്കുന്നത്. തുടക്കത്തിൽ അവനെ പ്രചോദിപ്പിച്ചു കൊണ്ടിരുന്നത് അവന്റെ അമ്മയായിരുന്നു.  എന്നാൽ ഇതിനെല്ലാമപ്പുറം

അവൻ ജീവിക്കുന്നത് ഒരു അമ്മയ്ക്ക് വേണ്ടിയല്ലേ,
സഹോദരങ്ങൾക്ക് വേണ്ടിയല്ലേ,
അവന് നാലഞ്ചു വർഷം കൂടുമ്പോൾ സ്ഥലംമാറ്റം.
അവിടെയെല്ലാം അവൻ കുടുംബാംഗങ്ങളോടും
സുഹൃത്തുക്കളോടും അകലുകയാണ്. ഈ ഓർമകളിൽ
മുഴുകി അവൻ  ട്രെയിനിൽ നിന്നും ഇറങ്ങി.
തണുത്തുമരവിച്ച റോഡിലൂടെ നിലാവുള്ള രാത്രി
അവൻ നടന്നു നീങ്ങുന്നു. ഒരു രാജ്യം, ഒരു ദേശം
മുഴുവനും വേണ്ടി ജീവിക്കുന്നു. അവൻ രണ്ടുമാസം
മുങ്ങിക്കപ്പലിൽ കടലിനടിയിൽ ആയിരുന്നു.
ആരോടും സംസാരിക്കാതെ ഫോൺ ചെയ്യാതെ ഒരു
ജയിലിലെന്ന് വണ്ണമാണ് മുങ്ങിക്കപ്പലിൽ. അത്
അവരുടെ കടമയാണ്. ഇവിടെയാണ് അവൻ
ശരിക്കും കുടുംബാംഗങ്ങളിൽനിന്നും സുഹൃത്തുക്കളിൽ
നിന്നും വേറിട്ടു നിൽക്കുന്നതും അവനും അവന്ടെ
വീട്ടുകാരും അറിയുന്നു. രണ്ടുകൂട്ടരുടെയും മനസ്സിൽ
സംഭവിക്കുന്നത്.
അഴലിന്റെ ആഴങ്ങളിൽ  നോവിന്റെ തീരങ്ങളിൽ
അവൻ മാത്രമാണ്. ഇതാണ് ജീവിതം.  കുടുംബവും
സുഹൃത്തുക്കളുമെല്ലാം ചെറുപ്പത്തിൽ കൂടെയുണ്ടാകും.
പ്രായമാകുമ്പോൾ ഒറ്റയ്ക്കാകും, ഇതിന്റെ കൂടെയുള്ളത്

കുറച്ചു നല്ല ഓർമ്മകൾ മാത്രം. ജീവിതത്തിന്റെ ചില ഏടുകളിൽ നിന്ന് ചീന്തിയെടുത്ത ഓർമ്മകൾ

# പപ്പായ



ഇന്ത്യയിൽ പഴത്തിനും കറ ശേഖരണത്തിനും വേണ്ടി ഉപയോഗിക്കാൻ കൃഷിചെയ്യുന്ന ഒരു പഴമാണ് പപ്പായ. ഉത്തർപ്രദേശ് പഞ്ചാബ് രാജസ്ഥാൻ ഗുജറാത്ത് തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ഇത് കൂടുതലായി കൃഷി ചെയ്യുന്നത് ഓരോ നാട്ടിലും ഈ പഴം കപ്പളങ്ങ കപ്പയ്ക്ക് പപ്പയ്ക്ക് ഓമയ്ക്ക എന്നിങ്ങനെ അറിയപ്പെടുന്നു നമ്മുടെ വീട്ടുവളപ്പിൽ സാധാരണ ഒന്നു രണ്ട് മരങ്ങൾ കാണാം ഇവയിൽ നിന്നും ധാരാളം പഴം ലഭിക്കുമെങ്കിലും അറിയാതെ പലരും ഇതു നിസ്സാരമായി തള്ളി കളയുന്നു
ഗുണ സമ്പുഷ്ടമായ ഈ പഴത്തെ പറ്റിയാണ്

ഊണുകഴിഞ്ഞ് ഒരുമുറി കപ്ലങ്ങ തിന്നാൽ ഇരുമ്പ്
തുരുമ്പ് ആവും എന്ന് പഴമക്കാർ പറഞ്ഞത്
പപ്പായയുടെ ഗുണം അറിയുന്നവരുടെ തീൻമേശകൾ
അലങ്കരിക്കുന്ന പഴവർഗങ്ങളിൽ പ്രധാനി പപ്പായ
തന്നെ ഇതിന് ദഹനശക്തിയെ ഉദ്ദീപിപ്പിക്കാൻ
പ്രത്യേക കഴിവുണ്ട് പണ്ടത്തെ വല്യമ്മമാർ
ഗർഭിണികളെ കപ്പളങ്ങ പഴം  എന്നാൽ ഈ പഴം
അമ്മമാർക്കും അമ്മമാരാകാൻ പോകുന്നവർക്കും
ഉത്തമമാണ് കാരണം അതിൽ അടങ്ങിയിരിക്കുന്ന
പോഷകങ്ങൾ തന്നെ കൂടാതെ ഇവയ്ക്ക് ചില
ഔഷധഗുണങ്ങളുണ്ട് ആമാശയത്തിലെ കൃമി ബാധ
തടയാനും നിശേഷം അകറ്റാനും കപ്പളങ്ങക്ക് കഴിയും

# ജലവൈദ്യുതി



ജലവൈദ്യുതിയുടെ ഉൽപാദനത്തിൽ ലോകത്ത് ഏഴാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. ഇന്ത്യയിൽ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ഏകദേശം 16 ശതമാനം ജലവൈദ്യുതിയാണ്.

1898 ഡാർജിലിങ്ങിൽ ആണ് ഇന്ത്യയിൽ ആദ്യ ജല വൈദ്യുതപദ്ധതി കൊണ്ടത്. ഏഷ്യയിലെ ആദ്യ ജലവൈദ്യുത പദ്ധതിയും ഇതായിരുന്നു. നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കമ്പനി ,നോർത്ത് ഈസ്റ്റ് ഇലക്ട്രിക് പവർ കമ്പനി, നാഷണൽ

തെർമൽ പവർ കോർപ്പറേഷൻ, ഹൈഡ്രോ എൻടിപിസി തുടങ്ങി ചില പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ആണ് രാജ്യത്തെ ഭൂരിഭാഗം ജലവൈദ്യുത പദ്ധതികളും. ചെറുതും വലുതുമായ എല്ലാ പദ്ധതികളും കണക്കിലെടുക്കുമ്പോൾ ഇന്ത്യയിലെ മൊത്തത്തിലുള്ള ജലവൈദ്യുതി ഉത്പാദനം ഏകദേശം 40,000 മെഗാവാട്ട് ആണ്. ഉത്തരാഖണ്ഡിൽ സ്ഥിതിചെയ്യുന്ന ബേക്കറി ആണ് ഇന്ത്യയിലെ ഏറ്റവും വലിയ ജലവൈദ്യുതി പദ്ധതി. 2400 മെഗാവാട്ടാണ് ഇതിന് ശേഷി. വലിപ്പത്തിന്റെ കാര്യത്തിൽ ഇടുക്കി ഡാമിന് ഇന്ത്യയിൽ പത്താം സ്ഥാനമാണുള്ളത്. ഇടുക്കി പദ്ധതിയുടെ ജനറേറ്റർ സ്ഥിതിചെയ്യുന്നത് മൂലമറ്റത്താണ്. 780 മെഗാവാട്ടാണ് ഇതിൻറെ ശേഷി.

# കവിത



ആ പൂവ് നീ എന്തു ചെയ്തു

ഏതു പൂവ്

രക്തനക്ഷത്രം പോലെ കടുംചെമപ്പായ ആ പൂവ്

ഓ അതോ

അതെ അതെന്ത് ചെയ്തു

തിടുക്കപ്പെട്ട് അന്വേഷിക്കുന്നതെന്തിന്

ചവിട്ടി അരച്ചുകളഞ്ഞോ എന്നറിയാൻ

കളഞ്ഞെങ്കിലെന്ത്

ഒന്നുമില്ല

എൻറെ ഹൃദയമായിരുന്നു അത്



# പഴഞ്ചൊല്ലുകൾ

ഉടമയുടെ കണ്ണ് ഒന്നാംതരം വളം

അടയ്ക്കയായാൽ മടിയിൽ വയ്ക്കാം അടയ്ക്കാമരമായാലോ

അടുത്ത് നട്ടാൽ അഴക് അകലത്തിൽ നട്ടാൽ വിളവ്

ആരിയൻ വിതച്ചാ നവര കൊയ്യാമോ

ആഴത്തിൽ ഉഴുത് അകലത്തിൽ നടണം

ഒട്ടുവിൽ തന്നെ കള തീർക്കണം

എളിയവരും ഏത്തവാഴയും ചവിട്ടും തോറും തഴയ്ക്കും

ഒരു വിള വിതച്ചാൽ പല വിത്തു വിലയില്ല

കർക്കിടകത്തിൽ പത്തില കഴിക്കണം

കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും മാണിക്യം

കൂര വിതച്ചാൽ പൊക്കാളിയാവില്ല




## ഡെങ്കിപ്പനി

കേരളത്തിലെ പനി മരണങ്ങളുടെ കണക്കെടുത്താൽ ആവർത്തിച്ചുവരുന്ന ഡെങ്കിപ്പനിയാണ് മരണത്തിലേക്ക് നയിക്കുന്നത് എന്ന് കാണാം. രോഗം വരാതെ തടയുകയും ഒരു തവണ വന്നാൽ കൃത്യമായ മരുന്നുകളിലൂടെയും വിശ്രമത്തിലൂടെയും പ്രതിരോധത്തിലൂടെ യും വീണ്ടും വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. ബ്രേക്ക് ബോൺ ഫീവർ എന്നുകൂടി അറിയപ്പെടുന്ന ഡെങ്കിപ്പനി ഒരു വൈറസ് രോഗമാണ്. കൊതുകുപരത്തുന്ന dengu

വൈറസാണ് രോഗകാരണം. ആദ്യതവണ വരുന്ന ഡെങ്കിപ്പനി കൃത്യമായി ചികിത്സിച്ച ഭേദമായാൽ ടൈപ്പ്-1 ഡെങ്കിപ്പനിയെ ശരീരത്തിലുണ്ടാകുന്ന ആൻറി ബോർഡ്ഡുകൾ ജീവിതകാലം മുഴുവൻ പ്രതിരോധിക്കും.എന്നാൽ വീണ്ടും വൈറസ് വാഹകരായ കൊതുകളുടെ കടിയേറ്റാൽ കൈപ്പറ്റു കൈപ്പത്തി ഡെങ്കിപ്പനിയാണ് ബാധിക്കുക. ഇത് കൂടുതൽ അപകടകാരിയാണ്. രക്തസ്രാവം പ്രധാന ലക്ഷണമായ ഹെമറേജിക് ഡെങ്കിപ്പനി യിലേക്ക് രോഗി എത്തുന്നത് ഈ സാഹചര്യത്തിലാണ്. കൊതുകുകടി ഏൽകാതിരിക്കുകയാണ് ഡെങ്കിപ്പനിക്കെതിരെ ഉള്ള ഒരേയൊരു പ്രതിരോധമാർഗ്ഗം. ഈഡിസ് ഈജിപ്റ്റി ആൽബോപിക്റ്റസ് എന്നീ കൊതുകുകളാണ് ഡെങ്കിപ്പനി പടർത്തുന്നത്. 1906-ലാണ് ഡെങ്കിപ്പനി ഈഡിസ് കൊതുക് പരത്തുന്ന രോഗം എന്ന് കണ്ടെത്തിയത്. രോഗബാധയുള്ള ഒരു ഈഡിസ് കൊതുക് ആരോഗ്യമുള്ള ഒരു മനുഷ്യനെ കടിക്കുമ്പോൾ കൊതുകിന്റെ ഉമിനീരിൽ നിന്ന് മനുഷ്യനിലേക്ക് രോഗാണു പടരുന്നു.

# എൻറെ വിദ്യാലയം



ഓർക്കാൻ കൊതിക്കുന്ന നാളുകളേകിയ
എൻറെ വിദ്യാലയം പൂമുഖത്തായ്
നൂറിൻ നിറവിൽ പ്രകാശിതമായൊരു
പുഞ്ചിരി പൂമൊട്ടു പൂത്തുനിൽപ്പൂ

വിദ്യയാം പൂന്തേൻ നുകർന്നു പറക്കുവാൻ
കൊച്ചു ശലഭങ്ങൾ ഏറെയുണ്ട്
പൂവിൻ ഇതളിൽ വർണ്ണം പകർത്തുവാൻ
ഒന്നായി പറക്കുന്നു നാമേവരും


വർണ്ണങ്ങൾ ഏഴും ചാലിച്ച ചിറകുമായി
കൂട്ടിനുണ്ട് അറിവിൻ നിറകുടങ്ങൾ
വാടാതെ വീഴാതെ കാത്തിടുവാനവർ
കാറ്റായി കൂടെ പറന്നിടുന്നു

നൂറിൻ നിറവിലും കൊഴിയാതെ നിൽക്കുമീ
വിദ്യാലയത്തിന്റെ തേൻ കുരുന്നായി
മൂളിപ്പറക്കുന്നൊരീ നല്ല നിമിഷങ്ങൾ

മായുകില്ല ഓർമ്മതൻ ചെപ്പിൽ നിന്നും

പാറിപ്പറക്കാൻ നേരമായീനല്ല
ചെമ്പനീർ പൂവിൻ ചാരെ നിന്നും
ഓർമ്മതൻ മാധുര്യമേറെയുണ്ടെന്നുടെ
ഹൃദയത്തിൻ ഉൾക്കാമ്പിലെന്നുമെന്നും

# മടിക്കുള്ള ശിക്ഷ



തിക്കിത്തിരക്കുന്ന ജനക്കൂട്ടത്തെ വകഞ്ഞുമാറ്റി അയാൾ വായുസഞ്ചാരമുള്ള ഒരു അറ്റത്തേക്ക് മാറി. ദീർഘമായി ഒന്ന് നിശ്വസിച്ചു. തലസ്ഥാനനഗരമായ സൈറ്റിലെ ഒരു ഗ്രാമത്തിൽ നിന്നും പട്ടണത്തിൽ എത്തിയ ഒരു യാചകൻ ആയിരുന്നു സയോൺ. തീർത്തും അപരിചിതമായ സ്ഥലം. പട്ടണത്തിലെ രീതികളും നിശ്ചയമില്ല. തലങ്ങുംവിലങ്ങും വ്യഗ്രത പെട്ടുപോകുന്ന ജനം. ചീറിപായുന്ന വാഹനങ്ങളുടെ നിലയ്ക്കാത്ത നിര .പരസ്പരം മത്സരിച്ചുള്ള ഹോണടി ശബ്ദങ്ങൾ. ഒരു നിമിഷം കണ്ണ് തെറ്റിയാൽ വാഹനത്തിന് അടിയിൽ .ഗ്രാമത്തിലെ തികച്ചും നിശബ്ദമായ അന്തരീക്ഷത്തിൽ നിന്നും പെട്ടെന്നുണ്ടായ ഈ മാറ്റം അദ്ദേഹത്തെ വല്ലാതെ അസ്വസ്ഥനാക്കി.

അങ്ങനെ നിൽക്കവേ ദൂരെയായി ഒറ്റപ്പെട്ട ഒരു ഒഴിഞ്ഞ കടമുറി അയാളുടെ കണ്ണിൽ പെട്ടു. ക്ഷീണവും മടുപ്പും അയാളുടെ മുഖത്ത് പ്രകടമായിരുന്നു. ക്ഷീണവും അതിലേറെ നിരാശയും അയാളുടെ മനസ്സിനെയും ശരീരത്തെയും ഒരുപോലെ തളർത്തിയിരുന്നു.

© Can Stock Photo - csp13490999

വാഹനങ്ങൾക്കും ജനങ്ങൾക്കും ഇടയിലൂടെ എങ്ങിനെയൊക്കെയോ തപ്പിത്തടഞ്ഞ് അയാൾ അടച്ചിട്ടിരുന്ന ആ കടമുറിയുടെ പടിവാതുക്കൽ

വന്നിരുന്നു. കൈയിലുണ്ടായിരുന്ന ഭാണ്ഡക്കെട്ട്
താഴെയിറക്കി അതിന്മേൽ തലവെച്ച് ഒന്ന് കണ്ണടച്ചു
തിരക്കിനെ അസ്വസ്ഥതയിൽ നിന്നും നീതി ഒരു
സമാധാനം ലഭിച്ചതുപോലെ അദ്ദേഹത്തിനു തോന്നി
ആ വിശ്രമം അയാളെ നിദ്രയുടെ അഗാധ
ഗർത്തത്തിലേക്ക് തള്ളിയിട്ടു ഉണർന്നപ്പോൾ ആകാശം
കാണാനില്ല രാത്രിയാണെന്ന് അപ്പോഴാണ് അറിയുന്നത്
എത്ര നേരം കിടന്നു ഉറങ്ങി എന്ന് അയാൾക്ക് ഒരു
നിശ്ചയവുമില്ല എങ്കിലും പകലിനെ വെല്ലുന്ന വൈദ്യുതി
പ്രകാശം ചുറ്റിലും ആ വെളിച്ചത്തിൽ ആവശ്യമായ
മറ്റൊരു  കാഴ്ച കണ്ട് അയാൾ അമ്പരന്നു തനിക്ക് ചുറ്റും
ചിതറിക്കിടക്കുന്ന നാണയ കൂമ്പാരം വഴി ലൈറ്റിനെ
അരണ്ടവെളിച്ചത്തിൽ നാണയത്തിൽ നിന്ന് മറ്റൊരു
വെളിച്ചം പ്രതിഫലിക്കുന്ന ഉണ്ടായിരുന്നു അയാൾക്ക്
ഒന്നും മനസിലായില്ല ആരോടെങ്കിലും ചോദിക്കാമെന്ന്
വെച്ചാൽ ആൾസഞ്ചാരം വളരെ കുറഞ്ഞിരിക്കുന്നു
സംശയത്തിന് ഉത്തരം എന്നപോലെ ആ കടയുടെ
മുന്നിലൂടെ പോകുന്നവരല്ല ഒരനുഷ്ഠാനം പോലെ ഇത്
ആവർത്തിച്ചു അപ്പോൾ ഇത് എന്തിനു ചെയ്യുന്നു എന്ന
സംശയം ബാക്കിയായി
ഒരു യാചകനെ ഇത്രയേറെ നാണയങ്ങൾ അതും
വഴിയെ പോകുന്ന എല്ലാവരും ഇതിൽ എന്തോ കൂട്
രഹസ്യമുണ്ട് അയാൾ അനുമാനിച്ചു പിന്നീട് ആലോചന
മതിയാക്കി അയാൾ നാണയങ്ങളെല്ലാം ഒരു
ഭാണ്ഡക്കെട്ടിൽ ആക്കി അടുത്തതായി ചിന്തിച്ചത്
ഭക്ഷണം അടുത്തെങ്ങാനും കിട്ടുമോ എന്നാണ്
ഭാണ്ഡക്കെട്ട് ചുമലിൽ രാഖി അയാൾ നടന്നു ഇത്രയും

ആൾത്തിരക്കുള്ള ഈ നാട്ടിൽ ഒരു ഭക്ഷണശാലയ്ക്ക് വേണ്ടി അയാൾക്ക് കൂടുതൽ അലയേണ്ടിവന്നില്ല ഒരു താൽക്കാലിക കടയായിരുന്നു അത് ഇരിക്കാൻ സീറ്റു കുറവ് മിക്കവരും നിന്നാണ് കഴിക്കുന്നത് എല്ലാവരും തന്നെ നോക്കി എന്തൊക്കെയോ രഹസ്യം പറയുന്നതുപോലെ അയാൾക്കുതോന്നി എന്നാൽ അതൊന്നും വകവെക്കാതെ അയാൾ കടയ്ക്ക് ഉള്ളിലേക്ക് കയറി

ആ നിമിഷത്തിൽ തന്നെ അയാൾ ആവശ്യപ്പെടുന്നതിന് മുൻപുതന്നെ ഭക്ഷണം ഒരാൾ അയാളുടെ കയ്യിൽ കൊടുത്തു ഒരു യാചകന് സമൂഹത്തിൽ മുമ്പിൽ ഇത്രയും വിലയുണ്ടെന്ന് അയാൾക്ക് അപ്പോഴാണ് മനസ്സിലായത് ഈ പട്ടണത്തിൽ കുറെനാൾ മുമ്പ് തന്നെ എത്തിപ്പെട്ടത് ആയിരുന്നു എന്ന് ആ മടയനായ ആശകൾ ചിന്തിച്ചു രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞു പോയി ജീവിതത്തിലെ സുവിശേഷമായ ഒരാഴ്ച യാചിക്കുന്ന അതിനുമുമ്പുതന്നെ കാരുണ്യം തോന്നി സഹായിക്കുന്ന ജനങ്ങൾ അടിച്ചുപൊളിച്ചു തന്നെ ഒരാഴ്ച ആഘോഷിച്ചു കടയുടെ വാതിൽക്കൽ ആണെങ്കിലും കിടക്കാൻ ഒരു സ്ഥലം ഭക്ഷണം ആവശ്യാനുസൃതം മറ്റുള്ളവരുടെ കാശിനു കഴിക്കാം ജോലി എടുക്കാതെ തന്നെ നല്ലൊരു സമ്പാദ്യം അയാൾക്ക് ഒരാഴ്ചകൊണ്ട് ലഭിച്ചു

ഒരു ജോലി അന്വേഷിച്ചിറങ്ങിയാൽ യാചന തന്നെ ഒരു ജോലി ആക്കിമാറ്റി ഇതിലും നല്ലൊരു ജോലി ഇനി കിട്ടാനില്ല എന്ന് അയാൾക്ക് മനസ്സിലായി പണത്തിന് കുമ്പാരം ഉയരും തോറും അയാളുടെ മടിയും

അലസതയും കൂടിവന്നു മാത്രമല്ല അയാൾ പല
ദുശ്ശീലങ്ങൾക്കും അടിമയായി തീരുകയും ചെയ്തു ഒരാഴ്ച
കൊണ്ട് അയാൾ മുഴുവനായി മാറി നാട്ടിലുള്ള
മക്കളെയും ഭാര്യയെയും എല്ലാം പണക്കൊഴുപ്പിൽ
അയാൾ മറന്നു ദിവസവും ലഭിക്കുന്ന കാശിനു
ഉപകാരപ്രദമായ ഒന്നും ചെയ്യാതെ അയാൾ എല്ലാം
ധൂർത്തടിച്ച് നശിപ്പിച്ചു ദിവസങ്ങൾ കഴിഞ്ഞു പോയി
പതിവുപോലെ അയാൾ കടയുടെ വാദത്തിൽ
വന്നിരുന്നു അല്പം കഴിഞ്ഞപ്പോൾ ഒരുപറ്റമാളുകൾ
തന്നെ ലക്ഷ്യമാക്കി വരുന്നത് അയാൾ കണ്ടു
അയാൾക്ക് അടക്കാനാവാത്ത ആഹ്ലാദം ഉണ്ടായി
എന്നും കിട്ടുമല്ലോ കണക്കറ്റ പണം ഒരുമിച്ച് അയാൾ
ഒന്ന് ഇളകിയിരുന്നു എന്താ നിൻറെ പേര്
ആൾക്കൂട്ടത്തിന് നേതാവ് മുന്നോട്ടുവന്നു എന്താ ഒരു
പണിയും നോക്കാത്തത് ചോദ്യത്തിന് എണ്ണവും
ശബ്ദവും കൂടി കൊണ്ടിരുന്നു ഞാൻ യാചിക്കാൻ വേണ്ടി
വന്നതാണ് എന്ന് അയാൾ മറുപടി പറഞ്ഞു
ആൾക്കൂട്ടത്തിൽ ഒരാൾ മുഖമടച്ച് ഒരു ആർട്ട് അയാൾ
ഇരുന്നിടത്തുനിന്ന് മുങ്ങിപ്പോയി അതിനുശേഷം
മൂർച്ചയേറിയ ശബ്ദം അയാളുടെ നേർക്ക് വന്നു പതിച്ചു
ഇവിടെ ഞങ്ങൾ യാചകരെ അനുവദിക്കാറില്ല
അതിനാണ് പണം തന്ന് സഹായിക്കുന്നു ഒന്നു
രണ്ടാഴ്ചത്തെ സമയമാണ് കണക്ക് അതുകൊണ്ട്
മാന്യമായ ജോലിചെയ്ത് ജീവിക്കാനുള്ള മൂലധന ലഭിക്കും
നിനക്കും കിട്ടിയില്ലേ നല്ലൊരു തുക കൂടെനിന്നവർ
കൂടുതൽ പ്രകോപിതരാക്കുന്നത് കണ്ടപ്പോൾ അയാൾ
അടിമുടി വിറയ്ക്കാൻ തുടങ്ങി എന്തു ചെയ്യു ആ പണം

ഒന്നല്ല പല കണ്ണുങ്ങളിൽ നാണ് അന്വേഷണം അയാൾക്കൊന്നും പറയാനുണ്ടായിരുന്നില്ല അയാൾ വിതുമ്പിപ്പോയി

നീ ജീവിക്കാൻ പഠിച്ചവൻ അല്ല നിന്നെ ഇനി ഇവിടെ കണ്ടു പോകരുത് വേഗം സ്ഥലം  വിട്ടോളൂ നേതാവിന് വിധിയുണ്ടായി മറ്റുള്ളവരും അത് അംഗീകരിച്ചു അയാൾ തന്നെ ഭാണ്ഡക്കെട്ടും എടുത്ത യാത്രയാരംഭിച്ചു താൻ നഷ്ടപ്പെടുത്തിക്കളഞ്ഞ പണത്തിന് വിലയെക്കുറിച്ച് അമ്മയും ചിന്തിച്ചും ദുഃഖിച്ചും എല്ലാവരുടെയും പരിഹാസത്തിന് പാത്രമായി അയാൾ തലകുനിച്ച് തിരക്കേറിയ റോഡിലൂടെ വാഹനങ്ങളെ മറികടന്ന് മറ്റൊരു സ്ഥലം ലക്ഷ്യമാക്കി തെരുവിലേക്ക് ഇറങ്ങി നടന്നു

